**Lalith Babu**

**വിവരങ്ങൾക്കുള്ള ചെലവ് കോർട്ട് ഫീ സ്റ്റാമ്പായി സ്വീകരിക്കാനാവില്ല. Kerala Right to Information (Regulation of Fee and Cost) Rules, 2006 ൽ കോർട്ട്ഫീ സ്റ്റാമ്പ് അപേക്ഷാഫീസായി മാത്രമേ ഉൾപ്പെടുത്തിയിട്ടുള്ളു.**

ii. വിവരം നൽകുന്നതിനുള്ള ചെലവ് കോർട്ട് ഫീ സ്റ്റാമ്പായി സ്വീകരിക്കുവാൻ സംസ്ഥാന സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ചട്ടങ്ങളിൽ വ്യവസ്ഥയില്ലാത്തതാണ്. പരാതിക്കാരൻ ആവശ്യപ്പെട്ട വിവരം സമയബന്ധിതമായി നൽകാത്തതിന് ഒന്നാം എതിർകക്ഷി നൽകിയ വിശദീകരണം തൃപ്തികരമല്ലെങ്കിലും പരാതിക്കാരന്റെ അപേക്ഷ തീർപ്പാക്കുക എന്ന ഉദ്ദേശത്തോടെ അപേക്ഷ സമർപ്പിച്ച് മൂന്ന് ദിവസത്തിനുള്ളിൽ തന്നെ ഒന്നാം എതിർകക്ഷി നടപടി സ്വീകരിച്ചിട്ടുള്ളതാണ്. ഒന്നാം എതിർകക്ഷി, വിവരം നിഷേധിക്കണമെന്ന ദുരുദ്ദേശത്തോടു കൂടി പ്രവർത്തിച്ചിട്ടില്ലെന്ന് കാണുന്നതിനാൽ ഒന്നാം എതിർകക്ഷിക്കെതിരെ പിഴശിക്ഷാ നടപടികൾ സ്വീകരിക്കേണ്ടതില്ലെന്ന് കമ്മീഷൻ തീരുമാനിക്കുന്നു. മേലിൽ, വിവരാവകാശ നിയമപ്രകാരം സമർപ്പിക്കുന്ന അപേക്ഷകൾ കൈകാര്യം ചെയ്യുന്നതിൽ വീഴ്ചയുണ്ടായാൽ കർശന നടപടിയുണ്ടാകുമെന്ന് ഒന്നാം എതിർകക്ഷിക്ക് കമ്മീഷൻ താക്കീത് നൽകുന്നു.

ഹർജി ഇപ്രകാരം തീർപ്പാക്കി കമ്മീഷൻ ഇന്നേ ദിവസം 2008 ആഗസ്റ്റ് മാസം 30-ാം തീയതി ഈ ഉത്തരവ് പുറപ്പെടുവിച്ചിരിക്കുന്നു.

(ഒപ്പ്)
വി. വി. ഗിരി,
ഇൻഫർമേഷൻ കമ്മീഷണർ.